بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 28.02.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി(സ) തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബി ഹദ്റത്ത് **മുസഅബ് ബിൻ ഉമൈർ** رضي الله عنه വിന്റെ വിശ്വാസദീപ്തമായ വിവരണങ്ങൾ

أَشۡهَدُ أَنۡ لَّآ إِلٰهَ إِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَأَشۡهَدُ أَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

أَمَّا بَعۡدُ فَأَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۔ اَلرَّحۡمٰنِ الرَّحِيۡمِ ۔ مٰلِكِ يَوۡمِ الدِّيۡنِ ۔ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۔ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۔

ഇന്ന് വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് മുസഅബ് ബിൻ ഉമൈർ رضي الله عنه എന്നാണ്. ഇദ്ദേഹത്തിന്റെ ബന്ധം ഖുറൈശികളുടെ ഗോത്രമായ ബനൂ അബ്ദുദ്ദാറുമായാണ്. ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിന്റെ മാതാവ് മക്കയിലെ വളരെ ധനികയായ സ്ത്രീയായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. മാതാവ് അദ്ദേഹത്തെ അതീവ ലാളനയോടെയും പ്രതാപത്തോടെയും വളർത്തി. അവർ അദ്ദേഹത്തെ മേൽത്തരം വസ്ത്രങ്ങളും വിലപിടിപ്പുള്ള ഉടുപ്പുകളും ധരിപ്പിച്ചു. ഹദ്റത്ത് മുസഅബ് ബിൻ ഉമൈർ മുന്തിയ സുഗന്ധ വസ്തുക്കളാണ് ഉപയോഗിച്ചിരുന്നത്. ഹസറൽ മൗത്ത് എന്ന പ്രദേശത്ത് നിർമ്മിക്കുന്ന ധനികർക്കായി മാത്രമുള്ള ഹസ്റമീ ചെരുപ്പുകളാണ് അദ്ദേഹം ധരിച്ചിരുന്നത്. ഹദ്റത്ത് മുസഅബ് ബിൻ ഉമൈറിന്റെ ഭാര്യയുടെ പേര് ഹംന ബിൻത് ജഹശ് എന്നാണ്. അവർ റസൂലുല്ലാഹ് ﷺ തിരുമേനിയുടെ പരിശുദ്ധ പത്നിയും മുഅ്മിനീങ്ങളുടെ മാതാവുമായ ഹദ്റത്ത് സൈനബ് ബിൻത് ജഹശിന്റെ സഹോദരിയായിരുന്നു.

ഹദ്റത്ത് മുസ്അബ് ബിൻ ഉമൈർ ഉന്നതരായ സഹാബാക്കളിൽ ഉൾപ്പെടുന്നു. പ്രാരംഭ കാലഘട്ടത്തിൽ തന്നെ ഇസ്‌ലാം സ്വീകരിച്ച ആദ്യകാല മഹാത്മാക്കളിൽ അദ്ദേഹം ഇടംപിടിച്ചിരുന്നു. എന്നാൽ തന്റെ മാതാവിന്റെയും തന്റെ സമൂഹത്തിന്റെയും എതിർപ്പ് ഭയന്ന് അതു രഹസ്യമാക്കിവെച്ചു. ഹദ്റത്ത് മുസ്അബ് രഹസ്യമായി നബികരീം ﷺ യുടെ സമക്ഷം ഹാജറായികൊണ്ടിരുന്നു. ഒരിക്കൽ ഉസ്മാൻ ബിൻ തൽഹ അദ്ദേഹം നമസ്കരിക്കുന്നതായി കണ്ടു. ഉടൻ അദ്ദേഹത്തിന്റെ വീട്ടുകാർക്കും മാതാവിനും ആ വാർത്ത ന്ലകി. മതാപിതാക്കൾ ഇദ്ദേഹത്തെ തടവിലാക്കി. ആ തടവിൽ നിന്ന് എങ്ങനെ യോ അദ്ദേഹം രക്ഷപ്പെട്ടു ഹബ്ശയിലേക്കു ഹിജ്റത്ത് ചെയ്തു. കുറച്ചു കാലത്തിനുശേഷം ഹബ്ശയിൽ നിന്നു മക്കയിലേക്കു തിരിച്ചുവന്ന മുഹാജിറുകളോടൊപ്പം ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തിന്റെ പരിതാപകരമായ അവസ്ഥ കണ്ടുകൊണ്ട് പിന്നീടുള്ള എതിർപ്പ് ഉപേക്ഷിക്കുകയും മകനെ അവന്റെ താല്പര്യത്തിന് വിടുകയും ചെയ്തു.

ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിനു രണ്ട് ഹിജ്റത്തു ചെയ്യുവാനുള്ള ഭാഗ്യം സിദ്ധിച്ചു. ആദ്യം ഹബ്ശയിലേക്കും പിന്നീട് മദീനയിലേക്കും അദ്ദേഹം ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് സഅദ് ബിൻ വഖാസ് നിവേദനം ചെയ്യുന്നു: ഞാൻ ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിനെ സമൃദ്ധിയുടെ കാലത്തും അതുപോലെ മുസ്‌ലിമായതിനുശേഷവും കണ്ടിട്ടുണ്ട്. ഇസ്‌ലാമിനുവേണ്ടി അദ്ദേഹം എത്രമാത്രം പ്രയാസം സഹിച്ചിരുന്നുവെന്നാൽ, ഞാൻ കണ്ടിട്ടുള്ളത് പാമ്പിന്റെ പടം പൊഴിഞ്ഞ് പുതിയ തൊലി വരുത്തുന്നതുപോലെ അദ്ദേഹത്തിന്റെ തൊലി ഉരിയുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അത്ഭുതാവഹമായിരുന്നു അദ്ദേഹത്തിന്റെ ത്യാഗം.

മദീനയിൽ വെച്ച് ഒരു ദിവസം മുസ്അബ് ബിൻ ഉമൈർ റസൂലുല്ലാഹ് ﷺ തിരുമേനിയുടെ സമക്ഷം ഹാജറായി. നബി ﷺ തിരുമേനി സഹാബാക്കളുടെ കൂടെ ഇരിക്കുകയായിരുന്നു. ആ സമയത്ത് ഹദ്റത്ത് മുസ്അബിന്റെ വസ്ത്രത്തിൽ തോലിന്റെ കഷണങ്ങൾ തുന്നി ചേർത്തിരുന്നു. ഹദ്റത്ത് മുസ്അബ് വന്നു സലാം പറഞ്ഞു. തിരുനബി ﷺ അതിനു മറുപടി നല്കി. നല്ല നിലയിൽ സ്തുതിച്ചു. തുടർന്ന് പറഞ്ഞു: സർവസ്തുതിയും അല്ലാഹുവിനാകുന്നു. ഭൗതികർക്ക് അവരുടെ ലോകം ലഭിക്കുന്നതാണ്. ഞാൻ മുസ്അബിനെ എപ്രകാരം കണ്ടിരുന്നുവെന്നാൽ മക്കാ പട്ടണത്തിൽ അദ്ദേഹത്തേക്കാൾ ഐശ്വര്യവും സമൃദ്ധിയുമുള്ള മറ്റാരും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ മാതാപിതാക്കൾക്ക് വളരെ പ്രിയങ്കരനായ മകനായിരുന്നു. എന്നാൽ അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹം അദ്ദേഹത്തെ ഈ അവസ്ഥയിൽ എത്തിച്ചു. അല്ലാഹുവിനും അവന്റെ തൃപ്തിക്കും വേണ്ടി അദ്ദേഹം എല്ലാം തന്നെ ഉപേക്ഷിച്ചു.

ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു: ഞങ്ങൾ റസൂലുല്ലാഹ് ﷺ യോടൊപ്പം പള്ളിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് മുസ്അബ് ബിൻ ഉമൈർ അവിടേക്കു വന്നു. അദ്ദേഹത്തിന്റെ ദേഹത്ത് തോൽകൊണ്ടു തുന്നിചേർത്ത ഒരു പുതപ്പുണ്ടായിരുന്നു. അത് റസൂലുല്ലാഹ് ﷺ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഐശ്വര്യപൂർണവും സൗകര്യപ്രദവുമായ മുൻജീവിതത്തെ കുറിച്ചു സ്മരിക്കുകയും ഇപ്പോഴുള്ള അവസ്ഥ കണ്ടു വിതുമ്പുകയും ചെയ്തു. ശേഷം നബി ﷺ തിരുമേനി പറഞ്ഞു: ആ സമയത്ത് നിങ്ങളുടെ അവസ്ഥ എന്തായിരിക്കും, ഒരാൾ രാവിലെ ഒരു വസ്ത്രവും രാത്രി അടുത്ത വസ്ത്രവും അണിയും. അതായത് എത്രമാത്രം സമൃദ്ധി ഉണ്ടാകുമെന്നാൽ

രാവും പകലും നിങ്ങൾ വസ്ത്രം മാറ്റി കൊണ്ടിരിക്കും. തുടർന്ന് പറഞ്ഞു: ഒരാളുടെ മുന്നിൽ ഒരു പാത്രം ആഹാരം വെക്കുമ്പോൾ മറ്റൊന്നു എടുത്തുമാറ്റപ്പെടുന്നതാണ്. അതായത് വിവിധ ആഹാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇന്നത്തെ രീതി പോലെ വിവിധ ഭക്ഷണത്തളികകൾ മാറി മാറി വരുന്നതാണ്. കഅ്ബയുടെ മുകളിൽ വിരിക്കുന്ന പോലെ നിങ്ങൾ നിങ്ങളുടെ വീടുകളിൽ വിരിപ്പ് വിരിക്കുന്നതാണ്. അതായത് വലിയ വിലപിടിച്ച വിരിപ്പുകളാണ് ഉപയോഗിക്കപ്പെടുക. തീർത്തും ഇക്കാലത്തെ ചിത്രം തന്നെയാണ് ഇത്. അല്ലെങ്കിൽ മുസ്‌ലിംകൾക്ക് പ്രയാസങ്ങൾക്കുശേഷം ആ സമൃദ്ധിയുടെ കാലം ലഭിച്ചു. സഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ ആ സമയത്ത് ഇന്നത്തെക്കാൾ നല്ല അവസ്ഥയിലായിരിക്കുമോ? ആരാധനകൾക്കായി ഒഴിവു ലഭിക്കുമോ? അതായത് അത്തരം സമൃദ്ധിയുടെ അവസ്ഥ ഉണ്ടായാൽ പിന്നെ ഇബാദത്തുകൾക്കായി സമയം ലഭിക്കുന്നതാണ്. പിന്നെ അദ്ധ്വാനത്തിന്റെയോ കഠിനപരിശ്രമത്തിന്റെയോ ആവശ്യം തന്നെ ഉണ്ടാവില്ലല്ലോ? അപ്പോൾ നബി ﷺ തിരുമേനി പറഞ്ഞു: അങ്ങനെയല്ല. മറിച്ച് ഈ ദിവസങ്ങൾ ആ ദിവസങ്ങളേക്കാൾ ഉത്തമമാണ്. ഇപ്പോഴുള്ള നിങ്ങളുടെ അവസ്ഥകളും നിങ്ങളുടെ ആരാധനകളും നിങ്ങളുടെ നിലവാരവും പിന്നീടുള്ളവർക്ക് കൈവരുന്ന സമൃദ്ധിയുടെ ആ ദിവസങ്ങളേക്കാൾ ഉത്തമമാണ്.

ഒന്നാം ബയ്അത്തെ അഖ്ബയുടെ അവസരത്തിൽ മദീനയിൽ നിന്ന് വന്ന 12 പേർ റസൂലുല്ലാഹ് ﷺ യുടെ കരങ്ങളിൽ ബയ്അത്ത് ചെയ്തു. അങ്ങനെ അവർ മദീനയിലേക്ക് മടങ്ങാൻ ഒരുങ്ങിയപ്പോൾ ഖുർആൻ പഠിപ്പിക്കുന്നതിനും അതുപോലെ ഇസ്‌ലാമിക അധ്യാപനങ്ങൾ നല്കുന്നതിനുംവേണ്ടി നബി കരീം ﷺ ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിനെ അവരോടൊപ്പം അയച്ചു. മദീനയിൽ മുസ്അബ് ബിൻ ഉമൈർ ഹദ്റത്ത് അസ്അദ് ബിൻ സറാറയുടെ ഭവനത്തിൽ താമസിച്ചു. അദ്ദേഹം നമസ്കാരങ്ങളിലെ ഇമാമത്തിന്റെ ഉത്തരവാദിത്വം വഹിച്ചു പോരുകയും ചെയ്തു. ഹദ്റത്ത് മുസ്അബ് ബിൻ ഉമൈർ ഒരു നീണ്ടകാലം അസ്അദ് ബിൻ സറാറയുടെ വീട്ടിൽ താമസിച്ചു. അതിനുശേഷം അദ്ദേഹം താമസം മാറുകയുണ്ടായി. ഹദ്റത്ത് ബറാഅ് ബിൻ ആസിബ് നിവേദനം ചെയ്യുന്നു, നബി കരീം ﷺ യുടെ മുഹാജിറുകളായ സഹാബാക്കളിൽ വെച്ച് ഏറ്റവും ആദ്യം ഞങ്ങളുടെ അടുക്കൽ മദീനയിൽ എത്തിചേർന്നത് മുസ്അബ് ബിൻ ഉമൈറും ഇബ്നു ഉമ്മെ മക്തൂമും ആയിരുന്നു. മദീനയിൽ എത്തിയ ശേഷം ആ രണ്ട് സഹാബിമാരും ഞങ്ങളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ തുടങ്ങി. ഹദ്റത്ത് ബറാഅ് പറയുന്നു: ഞാൻ മദീനവാസികളെ നബി കരീം ﷺ യുടെ ആഗമനത്തിലുള്ളത്ര സന്തോഷിച്ചതായി മുമ്പൊരിക്കലും കണ്ടിട്ടില്ല. എത്രത്തോളമെന്നാൽ ഞങ്ങളുടെ അടുത്ത് അല്ലാഹുവിന്റെ റസൂലാണ് എത്തിയിരിക്കുന്നതെന്ന് കുട്ടികൾ പോലും പറയുന്നുണ്ടായിരുന്നു.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിനെ കുറിച്ച് വിവരിച്ചിട്ടുണ്ട്. ദാറുൽ അർഖമിൽ വെച്ച് ഈമാൻ സ്വീകരിച്ച ആദ്യകാല വ്യക്തികളിൽ അദ്ദേഹവും ഉൾപ്പെടും. അതിൽ വളരെ പ്രശസ്തനായ ഇദ്ദേഹം സുമുഖനും സുന്ദരനുമായിരുന്നു. തന്റെ കുടുംബത്തിൽ ആദരണീയനും പ്രിയങ്കരനുമായിരുന്നു. ഈ യുവാവായ സഹാബിയെയാണ് മദീനയിലേക്ക് ആദ്യത്തെ ഇസ്‌ലാമിക മുബല്ലിഗ് ആയി അയക്കപ്പെട്ടത്. അദ്ദേഹം മുഖേന മദീനയിൽ ഇസ്‌ലാം വ്യാപിച്ചു. ഹദ്റത്ത് മുസ്അബ് ബിൻ ഉമൈർ മദീനയിൽ ഹിജ്റത്തിനുമുമ്പ് തന്നെ സഅ്ദ് ബിൻ ഖയ്സമയുടെ ഭവനത്തിൽ ആദ്യമായി ജുമുഅ നമസ്കരിപ്പിച്ച വ്യക്തിയായിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമൈർ (റ) അസ്അദ് ബിൻ സറാറയെ കൂടെകൂട്ടി അൻസാറുകളുടെ വിവിധ ഗോത്രങ്ങളിൽ തബ്‌ലീഗിന്റെ ഉദ്ദേശത്തോടെ സഞ്ചരിച്ചു. അദ്ദേഹത്തിന്റെ തബ്‌ലീഗിലൂടെ ഒരുപാട് സഹാബാക്കൾ ഇസ്‌ലാം സ്വീകരിച്ചു. അതിൽ പ്രമുഖരായ സാഹാബിമാരിൽ ഹദ്റത്ത് സഅദ് ബിൻ മആദ്, ഹദ്റത്ത് അബാദ് ബിൻ ബശർ, ഹദ്റത്ത് മുഹമ്മദ് ബിൻ മുസ്‌ലിമ, ഹദ്റത്ത് ഉസൈദ് ബിൻ ഹളീർ എന്നിവർ ഉൾപ്പെടുന്നു.

ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിന്റെ തബ്‌ലീഗ് പ്രവർത്തനങ്ങളുടെ ഫലമായി മദീനയിലെ ഒരോ വീട്ടിലും ഇസ്‌ലാമിനെ കുറിച്ചുള്ള ചർച്ചകൾ തുടങ്ങി. ഔസ്, ഖസ്റജ് ഗോത്രങ്ങൾ വലിയ ആവേശത്തോടെ മുസ്‌ലിംകളാകാൻ തുടങ്ങി. ചില സന്ദർഭങ്ങളിൽ മുഴുവൻ ഗോത്രങ്ങളും ഒറ്റ ദിവസം കൊണ്ട് തന്നെ മുസ്‌ലിംകളായി മാറി. ഇപ്രകാരം ബനൂ അബ്ദുൽ അശ്ഹൽ ഗോത്രം ഒരുമിച്ച് മുസ്‌ലിംകളായി മാറി. ഈ ഗോത്രം അൻസാറുകളുടെ പ്രശസ്തമായ ഔസ് ഗോത്രത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു. ഹദ്റത്ത് സഅദ് ബിൻ മആദ് എന്നാണ് അതിന്റെ തലവന്റെ പേര്. അദ്ദേഹം ബനൂ അബ്ദുൽ അശ്ഹലിന്റെ മാത്രം നേതാവായിരുന്നില്ല മറിച്ച് ഔസ് ഗോത്രത്തിന്റെ മൊത്തത്തിലുള്ള നേതാവ് കൂടിയായിരുന്നു. അങ്ങനെ ഇസ്‌ലാമിനെ കുറിച്ച് മദീനിയിൽ ചർച്ച ആരംഭിച്ചപ്പോൾ സഅദ് ബിൻ മആദിന് അത് വലിയ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അതിനെ തടയാൻ ആഗ്രഹിച്ചു. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് ഹദ്റത്ത് സഅദ് ബിൻ മആദ് വലിയ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. എന്നാൽ അസ്അദ് ബിൻ സറാറയുടെ മാതൃസഹോദരി പുത്രനായിരുന്നതിനാൽ, അസ്അദ് ബിൻ സറാറ മുസ്‌ലിമായി കഴിഞ്ഞിരുന്നു. അതുകൊണ്ട് ഒരു കലഹം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സഅദ് ബിൻ മആദ് നേരിട്ട് അതിൽ ഇടപ്പെട്ടിരുന്നില്ല. അങ്ങനെ അദ്ദേഹം തന്റെ ഒരു ബന്ധുവായ ഉസൈദ് ബിൻ അൽ ഹളീറിനോടു പറഞ്ഞു: അസ്അദ് ബിൻ സറാറ കാരണം എനിക്ക് ചില പരിധിയുണ്ട്. എന്നാൽ നീ പോയി നമ്മുടെ ആളുകളിൽ ഇത്തരം മതവിരുദ്ധത വ്യാപിപ്പിക്കുന്നതിൽനിന്ന് മുസ്അബിനെ തടയുക. അസ്അദിനോടും ഈ രീതി ശരിയല്ലെന്നു പറയണം. ഉസൈദ് അബ്ദുൽ അശ്ഹൽ ഗോത്രത്തിൽ അറിയപ്പെടുന്ന നേതാവായിരുന്നു. സഅദ് ബിൻ മആദിന് ശേഷം ഉസൈദ് ബിൻ അൽഹളീറും തന്റെ ഗോത്രത്തിൽ സ്വാധീനമുള്ള വ്യക്തിയായിരുന്നു. അങ്ങനെ സഅദിന്റെ ആഹ്വാനപ്രകാരം അദ്ദേഹം മുസ്അബ് ബിൻ ഉമൈറിന്റെയും അസ്അദ് ബിൻ സറാറയുടെയും അടുക്കൽ ചെന്നു. മുസ്അബിനെ അഭിമുഖീകരിച്ച് വലിയ

ദേഷ്യത്തോടെ പറഞ്ഞു: നിങ്ങൾ എന്തിനാണ് ഞങ്ങളുടെ ആളുകളിൽ മതവിരുദ്ധ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അത് അവസാനിപ്പിച്ചില്ലെങ്കിൽ അതിന്റെ പരിണിതഫലം നല്ലതായിരിക്കില്ല. ഉടൻതന്നെ വല്ല മറുപടിയും മുസ്അബ് നല്കുന്നതിനു മുമ്പായി മുസ്അദിനോട് സഅദ് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: ഇത് അദ്ദേഹത്തിന്റെ ഗോത്രത്തിലെ വലിയ സ്വാധീനമുള്ള നേതാവാണ്. അദ്ദേഹത്തോട് മയത്തിലും സൗമ്യതയോടും സംസാരിക്കണം. അങ്ങനെ മുസ്അബ് വലിയ ആദരവോടും സ്നേഹത്തോടും കൂടി ഉസൈദിനോടു പറഞ്ഞു: താങ്കൾ നീരസപ്പെടരുത്. ദയവുചെയ്ത് താങ്കൾ അല്പനേരം ഇരുന്നാലും. സമാധാനത്തോടെ ഞങ്ങളുടെ കാര്യങ്ങൾ കേൾക്കുക. അതിനുശേഷം അഭിപ്രായം പറയുക. ഉസൈദ് ആ കാര്യം ബുദ്ധിപരമെന്നു മനസ്സിലാക്കി അവിടെ ഇരുന്നു. അദ്ദേഹം സൽപ്രകൃതനായിരുന്നു. മുസ്അദ് അദ്ദേഹത്തിന് ഖുർആൻ കേൾപ്പിച്ചു. പിന്നീട് വലിയ സ്നേഹഭാവത്തോടെ ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് പറഞ്ഞു. ഉസൈദിൽ അത് എത്രമാത്രം സ്വാധീനം ഉണ്ടാക്കിയെന്നാൽ അദ്ദേഹം മുസ്‌ലിമായി. എന്നിട്ട് പറഞ്ഞു: എന്റെ പിന്നിൽ ഒരാൾ കൂടി ഉണ്ട്. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുമെങ്കിൽ മുഴുവൻ ഗോത്രവും മുസ്‌ലിംകളാകുന്നതാണ്. നിങ്ങൾ ഇവിടെ തന്നെ നില്ക്കുക അദ്ദേഹത്തെ ഞാൻ ഇങ്ങോട്ട് അയക്കാം. അങ്ങനെ പറഞ്ഞ് അസീദ് അവിടെ നിന്ന് എഴുന്നേറ്റ് പോയി. എന്തോ കാരണമുണ്ടാക്കി സഅദ് ബിൻ മആദിനെ മുസ്അബ് ബിൻ ഉമൈറിന്റെയും അസ്അദ് ബിൻ സറാറയുടെയും അടുത്തേക്ക് അയച്ചു. അതിൽ മുസ്അബ് അതെ ശൈലിയിൽ സ്നേഹത്തോടും അദരവോടും കൂടി അദ്ദേഹത്തെ തബ്‌ലീഗ് ചെയ്തു. അധിക സമയം കഴിഞ്ഞില്ല, അദ്ദേഹത്തിന്റെ ഹൃദയത്തിലെ ബിംബവും ഉടഞ്ഞുപോയി. അങ്ങനെ സുന്നത്ത് അനുസരിച്ച് സഅദ് കുളിച്ചു വന്നു ശഹാദത്ത് കലിമ ചൊല്ലി. പിന്നീട് സഅദ് ബിൻ മആദും ഉസൈദ് ബിൻ അൽഹളീറും ചേർന്ന്, അവരുടെ ഗോത്രത്തിനടുത്തേക്കു പോയി. സഅദ് തന്റെ അറേബ്യൻ ശൈലിയിൽ അവരോട് ചോദിച്ചു: അല്ലയോ ബനൂ അബ്ദുൽ അശ്ഹൽ സമൂഹമേ! നിങ്ങൾ എന്നെ കാണുന്നത് എങ്ങനെയാണ്? എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു: താങ്കളെ ഞങ്ങൾ നേതാവായും നേതാവിന്റെ മകനായും കാണുന്നു, താങ്കളുടെ വാക്കുകളിൽ ഞങ്ങൾക്കു പൂർണവിശ്വാസമാണ്. സഅദ് പറഞ്ഞു: എന്നാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നതുവരെ എനിക്കു നിങ്ങളുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കില്ല. അതിനുശേഷം സഅദ് ഇസ്‌ലാമിന്റെ കാഴ്ച്ചപാടുകൾ അവർക്കു മനസ്സിലാക്കി കൊടുത്തു. ആ ദിവസം വൈകുന്നേരമാകുന്നതിനു മുമ്പായി എല്ലാ ഗോത്ര അംഗങ്ങളും മുസ്‌ലിംകളായി മാറി. സഅദും ഉസൈദും ചേർന്ന് അവരുടെ ഗോത്രബിംബത്തെ പുറത്തെടുത്തു തകർത്തു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു, നബവി 13-ാം വർഷം ദുൽഹജ്ജ് മാസത്തിലെ ഹജ്ജിന്റെ അവസരത്തിൽ ഔസ്, ഖസ്‌റജ് ഗോത്രങ്ങളിലെ നൂറിൽപരം ആളുകൾ മക്കയിൽ വന്നു. മുസ്അബ് ബിൻ ഉമൈറും അവരോടൊപ്പം ഉണ്ടായിരുന്നു. മുസ്അബിന്റെ മാതാവ് അന്ന് ജീവനോടെ ഉണ്ടായിരുന്നു. ബഹുദൈവ വിശ്വാസിയായിരുന്നു. എന്നാൽ ഇദ്ദേഹത്തോടു വലിയ സ്നേഹമായിരുന്നു. അങ്ങനെ അദ്ദേഹം വന്നു എന്ന വാർത്ത ലഭിച്ചപ്പോൾ തന്നെ വന്നു ആദ്യം കാണുക പിന്നീട് മറ്റു സ്ഥലത്ത് പോകുകയെന്ന് പറയുന്നതിനായി ആളെ അയച്ചു. മുസ്അബ് മറുപടിയായി പറഞ്ഞു: ഞാൻ ഇതുവരെ നബി ﷺ തിരുമേനിയെ കണ്ടിട്ടില്ല. അദ്ദേഹത്തെ കണ്ടതിനുശേഷം നിങ്ങളുടെ അടുക്കൽ വരുന്നതാണ്. അങ്ങനെ അദ്ദേഹം തിരുനബി ﷺ യുടെ സമക്ഷം ഹാജറായി. നബി ﷺ യെ കണ്ടതിനുശേഷം തന്റെ മാതാവിന്റെ സമീപത്തേക്കുപോയി. അവർ അദ്ദേഹത്തെ കണ്ട് വളരെയധികം കരഞ്ഞു. ഒരുപാട് പരാതിപ്പെട്ടു. മുസ്അബ് പറഞ്ഞു: മാതാവേ! ഞാൻ ഒരു വളരെ നല്ല കാര്യം പറയാം. അത് നിങ്ങൾക്ക് വലിയ ഉത്തമമായിരിക്കും. എല്ലാ കലഹങ്ങൾക്കും തീർപ്പായിരിക്കും. അവർ ചോദിച്ചു: അത് എന്താണ്? മുസ്അബ് പതിഞ്ഞ സ്വരത്തിൽ മറുപടി നല്കി: നിങ്ങൾ വിഗ്രഹാരാധന ഉപേക്ഷിച്ച് മുസ്‌ലിമായി മാറുക. നബി ﷺ തിരുമേനിയിൽ വിശ്വസിക്കുക. അവർ അടിയുറച്ച ബഹുദൈവ വിശ്വാസിയായിരുന്നു. കേട്ടയുടൻ ഉച്ചവയ്ക്കാൻ തുടങ്ങി. എന്റെ നക്ഷത്രങ്ങളെകൊണ്ട് സത്യം! ഞാൻ ഒരിക്കലും നിന്റെ ദീനിൽ പ്രവേശിക്കുകയില്ല. അവർ ബന്ധുകൾക്ക് മുസ്അബിനെ പിടിച്ച് തടവലിലാക്കുവാൻ ആംഗ്യം നല്കി. എന്നാൽ അദ്ദേഹം അവിടെനിന്ന് ഓടി രക്ഷപ്പെട്ടു.

ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിനെ കുറിച്ചുള്ള കൂടുതൽ വിശദീകരണം إِنْ شَاءَ الله അടുത്ത ഖുത്ബയിൽ വിവരിക്കുന്നതാണ്.

ഇന്ന് രണ്ട് ജനാസ നമസ്കാരം നിർവഹിക്കാനുണ്ട്. അതിൽ ഒന്ന്, ബഹുമാനപ്പെട്ട മലക് മുനവർ അഹ്മദ് ജാവേദ് സാഹിബിന്റെതാണ്. അദ്ദേഹം ബഹുമാനപ്പെട്ട മലക് മുസഫർ അഹ്മദ് സാഹിബിന്റെ മകനാണ്. ഫെബ്രുവരി 22 ന് 84-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ മലക് മുനവർ അഹ്മദ് ജാവേദ് സാഹിബിന്റെ പിതാമഹൻ ഹദ്റത്ത് ഡോ. സഫർ ചൗധരിയും മാതാമഹൻ ഹദ്റത്ത് ശൈഖ് അബ്ദുൽ കരീം സാഹിബുമാണ്. രണ്ടുപേരും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കരങ്ങളിൽ ബയ്അത്ത് ചെയ്ത് സഹാബത്തിന്റെ പദവി കരസ്ഥമാക്കി. 1983 ആഗസ്റ്റ് 10-ാം തീയതി അദ്ദേഹം ഖലീഫത്തുൽ മസീഹ് റാബി رحمه الله യുടെ സമക്ഷം വഖ്ഫെ സിന്ദിഗിക്കുള്ള അപേക്ഷ നല്കി. അത് ഹുസൂർ ആഗസ്റ്റ് 18ന് അദ്ദേഹത്തിന്റെ ആ വഖ്ഫ് സ്വീകരിച്ചു. അദ്ദേഹം സർക്കാർ ജോലിയിൽ ആയിരുന്നപ്പോൾ നടന്ന ഒരു സംഭവം വിവരിച്ചുകൊണ്ട് ഒരിക്കൽ മലക് സാഹിബ് പറയുകയുണ്ടായി, സർവീസിന്റെ ഇടയ്ക്ക് ജമാഅത്തിനോട് വിദ്വേഷം വച്ചു പുലർത്തുന്ന ഞങ്ങളുടെ ഒരു ഇൻചാർജ്ജ് ഒരിക്കൽ എന്റെയടുക്കൽ സംവാദത്തിനായി പ്രൊഫസർ ഖാലിദ് മഹ്മൂദ് സാഹിബിനെ കൊണ്ടുവന്നു. ആ സമയത്ത് അദ്ദേഹം പ്രസിദ്ധ പണ്ഡിതനായിരുന്നു. തന്റെ ഒരു വാക്കും വിലപോകില്ലായെന്നു മനസ്സിലാക്കിയപ്പോൾ ആ പണ്ഡിതൻ കോപഭരിതനായി ചീത്ത വിളിക്കാൻ തുടങ്ങി. അദ്ദേഹം പറയുന്നു: എന്റെ ഇൻചാർജ്ജ് സംഗതി വഷളാകുമോയെന്ന് കരുതി ഭയപ്പെടാൻ

തുടങ്ങി. അപ്പോൾ ആ പണ്ഡിതൻ എന്റെ ഇൻചാർജ്ജിന് ആത്മവിശ്വാസം നല്കുന്നതിനായി പറഞ്ഞു, അല്ലാഹു ഇവരെ നശിപ്പിക്കും വിധം ഇവർ അല്ലാഹുവിലും റസൂലിലും ദൈവവചനത്തിലും ആക്രമം ചെയ്തിരിക്കുന്നു. എന്നാൽ ഇവർ നമസ്കാരത്തിൽ വളരെയധികം വിലപിക്കുന്നത് കാരണത്താൽ എല്ലാ തവണയും ഇവർ രക്ഷപ്പെടുന്നു. ചുരുക്കത്തിൽ അഹ്മദികളുടെ ഈ വിലാപങ്ങൾ അവർക്ക് പ്രയോജനപ്പെട്ടിരിക്കുന്നുവെന്ന കാര്യവും നമ്മുടെ കാര്യങ്ങൾ അല്ലാഹു കേൾക്കുന്നുവെന്നതും അവർ അംഗീകരിച്ചിരിക്കുന്നു. അല്ലാഹു അവരുടെ കണ്ണുകളും തുറക്കുമാറാകട്ടെ. ഏതൊരു സമൂഹത്തെയാണോ അവർ തെറ്റായ മാർഗത്തിലൂടെ നയിക്കുകയും തെറ്റിലേക്കു വീഴ്ത്തുകയും ചെയ്തിരിക്കുന്നത്, ആ സമൂഹത്തെ അല്ലാഹു ഇവരുടെ കളവിൽനിന്നും വഞ്ചനയിൽ നിന്നും രക്ഷിക്കുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഞാൻ നാസിർ ആല ആയിരുന്നപ്പോൾ നാസിർ സിയാഫത്തും ആയിരുന്നു. ഇദ്ദേഹം നായിബ് നാസിർ സിയാഫത്ത് ആയിരുന്നു. ഞാൻ കണ്ടിട്ടുള്ളത് അദ്ദേഹത്തിൽ ജമാഅത്തിന്റെ കാര്യങ്ങളിൽ വലിയ വേദനയും ചിന്തയും ഉണ്ടായിരുന്നു. യഥാർഥകാര്യം വിവരിക്കുന്നതിൽ യാതൊരു മടിയും കാണിച്ചിരുന്നില്ല. അദ്ദേഹം എന്റെ നായിബ് ആയിരുന്നിട്ടുകൂടി ജമാഅത്തിന്റെ പ്രയോജനത്തിനായി വല്ലതും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഉത്തമമെങ്കിൽ ഇനി ഞാൻ അതിനു വിപരീതമായ വല്ല കാര്യവും പറഞ്ഞാൽ തന്നെയും യാതൊരു മടിയും കൂടാതെ എന്റെ അഭിപ്രായത്തിന് എതിരായി നിർദേശം നല്കുമായിരുന്നു. പറയുമായിരുന്നു, ഇത് ഇപ്രകാരമെങ്കിൽ കൂടുതൽ ഉത്തമമായിരിക്കും. ഈ ഒരു പ്രത്യേകതയാണ് എല്ലാ വഖ്ഫെ സിന്ദിഗികൾക്കും ഉണ്ടായിരിക്കേണ്ടത്. നിങ്ങളുടെ അഭിപ്രായങ്ങൾ ആദരവിന്റെ പരിധിയിൽ നിന്നുകൊണ്ട് തന്നെ ഉത്തമമായ നിലയിൽ സമർപ്പിക്കുക. ഖിലാഫത്തിനോടുള്ള ആത്മാർത്ഥ ബന്ധം വളരെ ഉന്നതമായിരുന്നു. അത് എല്ലാ കത്തിലും കൂടികാഴ്ചയിലും പ്രകടമായിരുന്നു. അല്ലാഹു കാരുണ്യത്തോടും പാപപൊറുതിയോടുംകൂടി അദ്ദേഹത്തോട് പെരുമാറുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്കും കുട്ടികൾക്കും ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാനുള്ള തൗഫീഖ് അവർക്കു നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ നമസ്കാരം ബഹുമാനപ്പെട്ട പ്രെഫസർ മുനവ്വർ ശമീം സാഹിബിന്റേതാണ്. അദ്ദേഹം ശൈഖ് മഹ്ബൂബ് ആലം ഖാലിദ് സാഹിബിന്റെ മകനായിരുന്നു. 2020 ഫെബ്രുവരി 16 ന് റബ്വയിൽ വെച്ച് ഏകദേശം 81-ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَ إِنَّا إِلَيْهِ رَاجِعُوْنَ 1964 ൽ നടന്ന അദ്ദേഹത്തിന്റെ നിക്കാഹിന്റെ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് رحمه الله പറഞ്ഞു: പ്രൊഫസർ മുനവ്വർ ശമീം സാഹിബ്, എന്റെ ഏറ്റവും അടുത്ത സുഹൃത്തായ പ്രൊഫസർ മഹ്ബൂബ് ആലം ഖാലിദ് സാഹിബിന്റെ മകനാണ്. എന്റെ മക്കളെ പോലെ എനിക്ക് പ്രിയങ്കരനാണ്.

മുനവ്വർ ശമീം ഖാലിദ് സാഹിബ് അളവറ്റ പ്രത്യേകതകൾക്ക് ഉടമയായിരുന്നു. അതിൽ ഏറ്റവും ആദ്യത്തെ ഗുണം, കാലത്തിന്റെ ഖലീഫയോടുള്ള അത്യപൂർവസ്നേഹവും വിശ്വാസവും അനുസരണവുമാണ്. നമസ്കാരവും നോമ്പും തഹ്ജ്ജുദും കൃത്യമായി അനുഷ്ഠിച്ചിരുന്നു. കോളേജിൽ ഞാൻ കുറച്ചുകാലം അദ്ദേഹത്തിന്റെ വിദ്യാർഥിയായിരുന്നു. അതിനുശേഷം ഞാൻ അമീർ മഖാമി, നാസിർ ആല ആയപ്പോൾ ഞാനുമായി അങ്ങേയറ്റത്തെ ആദരവിന്റെയും ബഹുമാനത്തിന്റെയും ബന്ധമാണുണ്ടായിരുന്നത്. ഒരിക്കലും ഞാൻ അദ്ദേഹത്തിന്റെ വിദ്യാർഥിയായിരുന്നുവെന്നത് പ്രകടിപ്പിച്ചിരുന്നില്ല. ഖിലാഫത്ത് വ്യവസ്ഥിതിയിലും ജമാഅത്ത് വ്യവസ്ഥിതിയിലും അങ്ങേയറ്റത്തെ കൃത്യത പാലിച്ചിരുന്നു. അനുസരണ ശീലനായിരുന്നു. ഖലീയായശേഷം എന്നോടുണ്ടായ ബന്ധം വിവരണാതീതമാണ്. അല്ലാഹു റഹ്മത്തോടും മഗ്ഫിറത്തോടും കൂടി പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ പദങ്ങളിൽ ഇടം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിന് അദ്ദേഹത്തിന്റെ നന്മയും തുടർന്ന് കൊണ്ടുപോകാനുള്ള തൗഫീഖും നല്കുമാറാകട്ടെ

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 28.02.2020
Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516